ശ്രീ. എ. ജെ. ജോൺ: ആ മുഖപ്രസംഗം ഞാൻ വായിച്ചുനോക്കിയിട്ടുണ്ട്. ചെല്ലാൻ ഒട്ടക്കുന്നതിലും റീഫണ്ടുകിട്ടുന്നതിലും വളരെ വിഷമമുണ്ടെന്നാണ് അതിൽ പറഞ്ഞിട്ടുള്ള പ്രധാനമായ ആക്ഷേപം. പിന്നെ ബാങ്കുകളിൽ നിലവിലിരിക്കുന്ന നടപടി രീതിതന്നെ ട്രഷറികളിലും സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബാങ്കിംഗിനെപ്പറ്റി അന്വേഷിക്കുന്നതിന് നിയോഗിച്ചിരുന്ന ഒരു കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലെയും ട്രഷറിബിസിനസ് ബാങ്കുകളെ ഏൽപ്പിക്കണമെന്ന് ആ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് പാർലിമെന്ററിന്റെ പരിശോധനയിൽ ഇരിക്കയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മുമ്പ് രണ്ടുചെല്ലാൻ വേണമെന്നോ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ മൂന്നുചെല്ലാൻ വേണമെന്ന് നിർബന്ധം വച്ചിരിക്കുന്നതുകൊണ്ട് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: രണ്ടുചെല്ലാൻ എഴുതുന്നതിനേക്കാൾ ബുദ്ധിമുട്ടുതീർച്ചയായും മൂന്നുചെല്ലാൻ എഴുതുന്നതിനുണ്ട്. പക്ഷെ മൂന്നുചെല്ലാന്റെ ആവശ്യമുണ്ട്. ഒന്നു കക്ഷിക്കു കൊടുക്കുന്നതിനും, പിന്നൊന്ന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിലേക്ക് അയച്ചുകൊടുക്കുന്നതിനും, മൂന്നാമതൊന്ന് ട്രഷറിയിൽ സൂക്ഷിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്നുള്ള കാരണത്താൽ മൂന്നെണ്ണം വേണ്ട എന്നു തീരുമാനിക്കാൻ നിവൃത്തിയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ നാലുകാര്യം ഒട്ടക്കാൻ പോകുന്ന ആളും പൈകുന്നേരംവരെ ട്രഷറിയിൽ കാത്തുകിടന്ന് ബുദ്ധിമുട്ടിയാലും പലപ്പോഴും രസീതുകിട്ടാതെ മടങ്ങിപ്പോകേണ്ടിവരുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കാശിന്റെ കണക്കല്ല അതിൽ കാര്യമായിട്ടുള്ളത്. എന്തുതുകയായാലും കഴിയുന്നതും വേഗത്തിൽ സ്വീകരിച്ച് രസീതു കൊടുക്കണം എന്നാണ് ഏർപ്പാടുചെയ്തിരിക്കുന്നത്.

അദ്ധ്യാപകന്റെ വ്യക്തിസ്വാതന്ത്ര്യത്തിലുള്ള കയ്യേറ്റം

*വ്യ. വ. (ന. ന.) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മാനേജുമെന്റ് ആവശ്യപ്പെടുന്ന സ്ഥലത്ത് ഒരു സ്കൂളിലുള്ള അദ്ധ്യാപകൻ താമസിക്കണമെന്നും നിർബന്ധിക്കാവുന്ന വല്ല വ്യവസ്ഥകളും ഗവർമ്മെന്റനുവദിച്ചിട്ടുണ്ടോ;

(ബി) മേല്പറഞ്ഞവിധം നിർബന്ധിച്ചതായി വല്ല പരാതികളും അധികാരികൾക്കു കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇല്ല.

(ബി) ഇല്ല.

പ്രൈവറ്റ് സെക്കൻഡറി സ്കൂളദ്ധ്യാപകന്മാരുടെ അവശതാപരിഹാരം

*വ്യ. ന. (ന. ര) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പ്രൈവറ്റ് സെക്കൻഡറിസ്കൂളദ്ധ്യാപകന്മാരുടെ അവശതാപരിഹാരത്തിനായി ഗവർമ്മെന്റ് എന്തു തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്; അവ എന്നു നടപ്പിൽ വരും?

LIBRARY ARCHIVES Kerala Legislative Assembly